3. ഗ്രാമപഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ 60:40 വേതന-സാധന സാമഗ്രികളുടെ അനുപാതം പാലിക്കേണ്ടതാണ്.

4. ഓരോ പദ്ധതിക്കും ഗ്രാമസഭയുടെയും, ഗ്രാമപഞ്ചായത്തിന്റെയും അംഗീകാരം നേടിയിരിക്കുകയും അവ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുകയും ചെയ്യണം.

5. പ്രവൃത്തി നടത്തിപ്പിന് കരാറുകാരോ, മെഷിനറിയോ പാടില്ലാത്തതാകുന്നു.

6. മെഷിനറി വാങ്ങാൻ പാടില്ലാത്തതാകുന്നു.

7. സ്വകാര്യ ഭൂമിയിലെ തൊഴിലുറപ്പ് പ്രവൃത്തികൾ നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കണം നടപ്പിലാക്കേണ്ടത്.

(സി) 2010-11 സാമ്പത്തിക വർഷത്തിൽ അംഗീകരിക്കപ്പെട്ട ലേബർ ബഡ്ജറ്റ് പ്രകാരം 9,11,646 കുടുംബങ്ങൾക്ക് ജോലി നൽകാൻ ലക്ഷ്യമിടുന്നു.

പി. എം. ജി. എസ്. വൈ. പ്രകാരം റോഡ് നിർമ്മാണം

116 (6034) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ സാമ്പത്തിക വർഷം (2009-10) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം റോഡു നിർമ്മാണത്തിന് എത്ര തുക ചെലവഴിച്ചു ; എത്ര കിലോമീറ്റർ റോഡ് നിർമ്മാണം പൂർത്തിയാക്കി എന്നറിയിക്കുമോ ?

ഉത്തരം

2009-2010 സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 114.57 കോടി രൂപ ചെലവഴിച്ചു. 263.66 കിലോമീറ്റർ റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

പി. എം. ജി. എസ്. വൈ. പദ്ധതിയിലുള്ള പുതിയ റോഡ് പ്രോജക്റ്റുകൾ നിർമ്മാണം

117 (6035) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. മുരളി :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൻകീഴിൽ എത്ര പുതിയ റോഡ് പ്രോജക്ടുകളാണ് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി എത്ര കോടി രൂപ ധനസഹായമായി ലഭിക്കുമെന്ന് അറിയിക്കുമോ ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രസഹായം യഥാസമയം ചിലവഴിക്കുന്നതിന് സമയബന്ധിതമായ ഒരു നടപടിക്രമത്തിന് രൂപം നൽകുമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 258 റോഡ് പ്രോജക്റ്റുകളാണ് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുന്നത്.

(ബി) ഇപ്രകാരം സമർപ്പിച്ചിരിക്കുന്ന പ്രോജക്റ്റുകൾക്കുവേണ്ടി 265.56 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്.

(സി) പി.എം.ജി.എസ്.വൈ. പദ്ധതിക്കായി ലഭിക്കുന്ന തുക സമയബന്ധിതമായി ചെലവഴിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

സ്വർണ്ണജയന്തി ഷഹരി റോസ്ഗാർ യോജന

118 (6036) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വർണ്ണജയന്തി ഷഹരി റോസ്ഗാർ യോജനയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 2006-07 മുതൽ 2009-10 വരെ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക എത്രയാണെന്നറിയിക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ പ്രസ്തുത പദ്ധതിക്കായി വയനാട് ജില്ലയിൽ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഈ കാലയളവിൽ പ്രസ്തുത പദ്ധതിപ്രകാരം വയനാട് ജില്ലയിൽ ഏറ്റെടുത്ത വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നഗരത്തിലെ തൊഴിലില്ലാത്തവരും ഭാഗികമായി തൊഴിലുള്ളവരുമായ പാവപ്പെട്ടവർക്ക് വ്യക്തിഗത/ഗ്രൂപ്പ് തൊഴിൽ സംരംഭങ്ങളിലൂടെയും, വേതനം നൽകാവുന്ന തൊഴിൽ അവസരങ്ങളിലൂടെയും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും, അവയുടെ സുസ്ഥിരത ഉറപ്പുവരുത്തുകയുമാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ സുവർണ്ണജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ) പദ്ധതിയുടെ ലക്ഷ്യം. കൂടാതെ വിപണി സാധ്യത മുന്നിൽ കണ്ടുകൊണ്ട് തൊഴിൽ അവസരങ്ങൾ ശരിയായി വിനിയോഗിക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും വിദഗ്ദ്ധ പരിശീലനം നൽകുകയും

LIBRARY ARCHIVES Kerala Legislative Assembly